# പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021 ജനുവരി

പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021 ജനുവരി

96/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. 2021 ജനുവരി 14-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. | 3 |

# കാര്യോപദേശക സമിതി

## ലിസ്റ്റ്

**എക്സ് - ഒഫീഷ്യോ ചെയർമാൻ :**

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ (സ്പീക്കർ).**

**അംഗങ്ങൾ :**

**ശ്രീ. എ. കെ. ബാലൻ**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**

**ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. കെ. കൃഷ്ണൻകുട്ടി**

**ഡോ. എം. കെ. മുനീർ**

**ശ്രീ. രമേശ് ചെന്നിത്തല**

**ശ്രീ. എ. കെ. ശശീന്ദ്രൻ**

**ശ്രീ. പിണറായി വിജയൻ.**

**നിയമസഭാ സെക്രട്ടേറിയറ്റ്:**

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.**

# റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2021 ജനുവരി 14-ാം തീയതി, രാവിലെ 11.30-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു :

നടപ്പുസമ്മേളനത്തിൽ 2021-ലെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണത്തിനും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പരിഗണിക്കുന്നതിനുമായി 2021 ജനുവരി 18 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശേഷവും സഭ ചേരുന്നതിനും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്റെ പരിഗണനയും അനന്തരഘട്ടങ്ങൾക്കുമായി 2021 ജനുവരി 22 വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം 12.30-ന് താൽക്കാലികമായി പിരിഞ്ഞശേഷം ഉച്ചകഴിഞ്ഞ് 3 മണിക്ക് വീണ്ടും സഭ ചേരുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. അതിൻ പ്രകാരം 2021 ജനുവരി 18, 22 എന്നീ തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

2021 ജനുവരി 18, തിങ്കൾ : (i) ബജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച.

<u>അപരാഹ്ന സമ്മേളനം</u>

(ii) 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2021 ജനുവരി 22, വെള്ളി : 1. <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും.</u>

(i) 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ.

(ii) 2021-ലെ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ.

2. (ഉച്ച കഴിഞ്ഞ് 3.00 മണി മുതൽ )

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ജനുവരി 15.

പിണറായി വിജയൻ,
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

<u>അനുബന്ധം</u>

## 2021 ജനുവരി 14-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2021 ജനുവരി 14-ാം തീയതി, വ്യാഴാഴ്ച രാവിലെ 12.30-ന് നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. കെ. കൃഷ്ണൻകുട്ടി

ഡോ. എം. കെ. മുനീർ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. പിണറായി വിജയൻ

ശ്രീ. അനൂപ് ജേക്കബ്, (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. കെ. സി. ജോസഫ് "

ശ്രീ. ഒ. രാജഗോപാൽ "

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി "

ശ്രീ. എസ്. ശർമ്മ "

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

നടപ്പുസമ്മേളനത്തിൽ 2021-ലെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണത്തിനും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പരിഗണിക്കുന്നതിനുമായി 2021 ജനുവരി 18 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശേഷവും സഭ ചേരുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള പ്രസ്തുത ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തിന്റെ

പരിഗണനയും അനന്തരഘട്ടങ്ങൾക്കുമായി 2021 ജനുവരി 22 വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം 12.30-ന് താൽക്കാലികമായി പിരിഞ്ഞശേഷം ഉച്ചകഴിഞ്ഞ് 3 മണിക്ക് വീണ്ടും സഭ ചേരുന്നതിനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. അതിൻ പ്രകാരം 2021 ജനുവരി 18, 22 എന്നീ തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കാൻ ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

2021 ജനുവരി 18, തിങ്കൾ : (i) ബജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച.

<u>ഉപരാഹ്ന സമ്മേളനം</u>

(ii) 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

2021 ജനുവരി 22, വെള്ളി : 1. <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും.</u>

(i) 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ.

(ii) 2021-ലെ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ.

2. <u>(ഉച്ച കഴിഞ്ഞ് 3.00 മണി മുതൽ )</u>

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും
(ചർച്ച അവസാനിപ്പിക്കുന്നതാണ്)

യോഗം ഉച്ചയ്ക്ക് 12.50-ന് പിരിഞ്ഞു.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.